"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തുന്നതിനുള്ള ഓഡിറ്റർമാരുടെ പാനലിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.465/2026/LSGD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:- ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.07.2025 തിയതിയലെ 20/2024/KTTKB/AUDIT നമ്പർ കത്ത്.

**ഉത്തരവ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തുന്നതിന് പത്രപ്പരസ്യം നൽകിയതിന്റേയും MGNREGS സംസ്ഥാന മിഷന്റെയും ക്ഷേമനിധി ബോർഡിന്റേയും വെബ് സൈറ്റുകളിൽ പരസ്യം ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ക്വട്ടേഷൻ സമർപ്പിച്ച രണ്ട് ചാർട്ടേഴ്ഡ് അക്കൗണ്ടന്റുമാർക്കും ആവശ്യമായ പരിചയം ഉള്ള സാഹചര്യത്തിൽ, കുറഞ്ഞ നിരക്കായ 15000/- രൂപയും 18% GST യും ക്വോട്ടു ചെയ്തിട്ടുള്ള ശ്രീ.സുനിൽ ബാബു ആർ-മായി നെഗോഷിയേഷൻ നടത്തുകയും ക്വട്ടേഷൻ തുക 14000/- രൂപയും 18% GST യും ആയി കുറച്ചു നൽകുകയുമുണ്ടായെന്നും തുടർന്ന് ക്ഷേമനിധി ബോർഡിന്റെ 12.06.2025-ലെ ഒൻപതാമത് യോഗത്തന്റെ 3(1) നമ്പർ തീരുമാനം പ്രകാരം 14000/- രൂപയും 18% GSTയും ക്വോട്ട് ചെയ്ത സുനിൽ ബാബു ആർ-നെ ഒന്നാം പേരുകാരനായും 20000/- രൂപയും 18% GSTയും ക്വോട്ട് ചെയ്ത A.A.Menon & Associates-നെ രണ്ടാം പേരുകാരനായും ഉൾപ്പെടുത്തിക്കൊണ്ടുള്ള പാനലിന് അംഗീകാരം നൽകുകയും ആയതിന് സർക്കാർ തേടുന്നതിന് തീരുമാനിക്കുകയും ചെയ്തതായും ആയതിനാൽ പ്രസ്തുത അനുമതി ലഭ്യമാക്കണമെന്നും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മേൽ പരാമർശം കത്ത് (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 12.06.2025-ലെ ഒൻപതാമത് യോഗത്തന്റെ 3(1) നമ്പർ തീരുമാനം പരിഗണിച്ച്, ടി ബോർഡിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തുന്നതിനായി, 14000/- രൂപയും 18% GSTയും ക്വോട്ട് ചെയ്ത സുനിൽ ബാബു ആർ-നെ ഒന്നാം പേരുകാരനായും 20000/- രൂപയും 18% GSTയും ക്വോട്ട് ചെയ്ത A.A.Menon & Associates-നെ രണ്ടാം പേരുകാരനായും

ഉൾപ്പെടുത്തിക്കൊണ്ടുള്ള പാനലിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 24-02-2026 14:02:36

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.ത.സ്വ.ഭ.വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്